ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ4/858/2017/സി.ഇ/തസ്വഭവ

തീയതി: 01.02.2017

# സർക്കുലർ

വിഷയം:- തസ്വഭവ - പ്രതിവാദ പത്രികമേൽ അഭിപ്രായം ലഭ്യമാക്കുന്നത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ ജീവനക്കാർക്കെതിരെ വിവിധ തലങ്ങളിൽ നിന്നുണ്ടാകുന്ന പരാതികളിൻമേൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റിൽ നിന്നും ഈ ഓഫീസിൽ നിന്നും കുറ്റാരോപണ മെമ്മോ / പത്രിക എന്നിവ ആരോപിതനായ ഉദ്യോഗസ്ഥൻ / ഉദ്യോഗസ്ഥ മേലധികാരികൾ മുഖാന്തിരം serve ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്. നിരവധി പരാതികൾ അനുദിനം ഉണ്ടാകുന്നത് മൂലം ഗണ്യമായ എണ്ണം ഉദ്യോഗസ്ഥരുടെ പേരിൽ തീർപ്പ് കൽപ്പിക്കാത്ത കുറ്റങ്ങൾ നിലവിലുള്ള താകുന്നു. ജീവനക്കാരുടെ അർഹമായ പല സർവീസ് ആനുകൂല്യങ്ങളും, പ്രൊമോഷനുകളും അവരുടെ പേരിലുള്ള കുറ്റങ്ങൾ രാജിയാക്കാത്തതിനാൽ വൈകുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇത്തരം പ്രശ്നങ്ങൾ പരമാവധി പരിഹരിക്കുന്നതിനും, ആരോപിക്കപ്പെട്ട കുറ്റങ്ങൾ സമയബന്ധിതമായി രാജിയാക്കുന്ന തിനും ത്വരിത നടപടികൾ ആവശ്യമാണ്. കുറ്റാരോപിതർ നൽകുന്ന മറുപടിയിൽ തീർപ്പ് കൽപ്പിക്കുന്നതിന് വ്യക്തമായ പരിശോധനാ റിപ്പോർട്ട് മേലുദ്യോഗസ്ഥനിൽ നിന്നും ആവശ്യമാണെന്നിരിയ്ക്കെ ആയത് യഥാസമയം സമർപ്പിക്കുന്നതിൽ തീർത്തും നിരുത്തരവാദപരമായ സമീപനമാണ് പല ഉദ്യോഗസ്ഥരിലും കണ്ടുവരുന്നത്. തുടരെ തുടരെയുള്ള ഓർമ്മക്കുറിപ്പുകൾ പോലും വൃഥാവിലാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ ആവശ്യത്തിലേക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നു.

(1) കുറ്റാരോപിതർക്ക് നൽകുന്ന മെമ്മോ ഓഫ് ചാർജ്ജസ് / സ്റ്റേറ്റ്മെന്റ് ഓഫ് അലിഗേഷൻസ് എന്നിവ നിശ്ചിത സമയത്തിനകം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകേണ്ടതും, കൈപ്പറ്റ് പകർപ്പ് 7 ദിവസത്തിനകം ഈ ഓഫീസിൽ സമർപ്പിക്കേ ണ്ടതുമാണ്.

(2) എല്ലാ ഓഫീസുകളിലും ലഭ്യമാകുന്ന മെമ്മോകൾ സംബന്ധിച്ച് ഒരു രജിസ്റ്റർ ആരംഭിക്കേണ്ടതും, ആയതിൽ ലഭിച്ച തീയതി, കുറ്റാരോപിതന് നൽകിയ തീയതി, കൈപ്പറ്റ് തിരിച്ചുനൽകിയ തീയതി, മറുപടി ലഭിച്ച തീയതി, വ്യക്തമായ പരിശോധന നടത്തിയ തീയതി, പരിശോധനാ റിപ്പോർട്ട് സഹിതം മറുപടി ഈ

ഓഫീസിൽ സമർപ്പിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതും, ഓഫീസ് മേലധികാരി periodical review ചെയ്യേണ്ടതുമാണ്.

(3) മെമ്മോ കൈപ്പറ്റി 15 ദിവസത്തിനകം മറുപടി ലഭ്യമാക്കുന്നതിനും, തുടർന്ന് 7 ദിവസത്തിനകം പരിശോധന നടത്തി വ്യക്തമായ റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട മേലധികാരി മറുപടിയും അഭിപ്രായക്കുറിപ്പും ഈ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്. പരിശോധനാറിപ്പോർട്ടിനോടൊപ്പം ആവശ്യമെങ്കിൽ അനുബന്ധരേഖകളുടെ പകർപ്പുകൂടി സമർപ്പിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 195